No.CEE/1100/PGM-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ/ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം- 2021-22 വിവിധ സംവരണ ആനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങി വയ്ക്കുന്നത് സംബന്ധിച്ച്

2021-22 അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ മെഡിക്കൽ/ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ 2021 ഒക്ടോബർ ആദ്യവാരത്തിൽ ആരംഭിക്കുന്നതാണ്. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് (SC/ST വിഭാഗക്കാർ മാത്രം), കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (SEBC/OEC/മിശ്ര വിവാഹിതരുടെ മക്കൾക്ക്). നിശ്ചിത മാതൃകയിലുള്ള വരുമാന സർട്ടിഫിക്കറ്റ് (SC/ST/OEC വിഭാഗക്കാർ ഒഴികെയുള്ള ജനറൽ കാറ്റഗറി ഉൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർക്ക് ഫീസാനുകൂല്യങ്ങൾക്കായി), നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്താത്തവർക്ക് മാത്രം), EWS സർട്ടിഫിക്കറ്റ് (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്ക് വില്ലേജ് ഓഫീസർ നൽകുന്നത്) മൈനോറിറ്റി ക്വാട്ടാ സീറ്റിലേയ്ക്ക് വില്ലേജ് ഓഫീസർ നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ മുൻകൂറായി വാങ്ങി വയ്ക്കേണ്ടതും നിർദ്ദേശിക്കുന്ന സമയത്ത് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

### എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വാങ്ങി വയ്ക്കേണ്ട രേഖകൾ

a) എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. വിസയുടെ കാലാവധി 2021 വർഷത്തെ പി.ജി.മെഡിക്കൽ/ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള അവസാന തീയതി വരെ നിർബന്ധമായും ഉണ്ടായിരിക്കണം.

b) പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസ്സി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാവും.

c) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും (06.08.2019-ലെ ജി.ഒ (എം.എസ്) നം.243/14/ആ.കു.വ.).

d) വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഉൾപ്പെടെ) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/-രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

e) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29.09.2021